പെരിയ ബസാറിലെ കേരള ഗ്രാമീൺ ബേങ്കിന്റെ നവീകരിച്ച ശാഖ റീജ്യണൽ മാനേജർ ബാപ്റ്റി .എസ്.നിധിരി ഉദ്ഘാടനം ചെയ്യുന്നു

ഭെൽ ഇ.എം.എൽ :ജനകീയ പ്രക്ഷോഭം അനിവാര്യം: എസ് ടി യു

കാസർകോട്: കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ ഭെൽ ഇ.എം.എൽ കമ്പനിയേയും ജീവനക്കാരെയും സംരക്ഷിക്കുവാൻ ജനകീയ സമരം അനിവാര്യമെന്ന് എസ്. ടി. യു ദേശീയ വൈസ് പ്രസിഡണ്ട് എ. അബ്ദുൾ റഹ്മാൻ പ്രസ്താവിച്ചു. സമരത്തിന് ജില്ലയിലെ രാഷ്ട്രീയ നേതാക്കളും ജനപ്രതിനിധികളും നേതൃത്വം നൽകും.

അടച്ചിട്ട കമ്പനി ഉടൻ തുറന്ന് പ്രവർത്തിപ്പിക്കുക, ജീവനക്കാരുടെ ശമ്പളമടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുക, കൈമാറ്റനടപടികൾ ഉടൻ പൂർത്തിയാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ നടന്ന സത്യാഗ്രഹ സമരം പുതിയ ബസ് സ്റ്റാന്റ് പരിസരത്ത് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. എ.വാസുദേവൻ ആധ്യക്ഷം വഹിച്ചു. സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി ടി.കെ.രാജൻ, എസ്.ടി.യു സംസ്ഥാന ട്രഷറർ കെ.പി.മുഹമ്മദ് അഷ്റഫ്, യൂത്ത് ലീഗ് ജില്ലാ പ്രസിഡണ്ട് അഷ്റഫ് എടനീർ, ബി.എം.എസ്. ജില്ലാ സെക്രട്ടറി പി.ദിനേശൻ, സെക്രട്ടറി ശരീഫ് കൊടവഞ്ചി, സെക്രട്ടറി മുത്തലിബ് പാറക്കെട്ട്, നഗരസഭാ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്രാഹിം, കോൺഗ്രസ്സ് ബ്ലോക്ക് പ്രസിഡണ്ട് കെ.ഖാലിദ്, കെ.ഭാസ്ക്കരൻ, ഗിരി കൃഷ്ണൻ, പ്രസിഡണ്ട് പി.വി.രാജേന്ദ്രൻ, കെ.ടി.സുഭാഷ് നാരായണൻ, മാഹിൻ മുണ്ടക്കൈ, എ.ആർ.ധന്യവാദ്, സുബൈർ മാര, വി. രത്നാകരൻ, കെ.ജി.സാബു, വി.പവിത്രൻ, സി.അബ്ദുൾ റഷീദ്, ബി.എസ്. അബ്ദുല്ല, നാരായണൻ തെരുവത്ത്,പി.രാമചന്ദ്രൻ ,കെ വിനോദ്, എം.സന്തോഷ് പ്രസംഗിച്ചു. എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ.സമര പന്തൽ സന്ദർശിച്ചു. പി. കൃഷ്ണൻ, പ്രദീപൻ, യു. മുഹമ്മദ് ബഷീർ, ബി.എ.മുഹമ്മദ്, ഗോപിനാഥൻ നായർ, ടി.വി.ബേബി, എ അശോക് കുമാർ, സി.ബാലകൃഷ് ണൻ, ആൻഡ്രൂസ് സ്രാമ്പിക്കൽ, കെ.പി.നാസ്സർ നേതൃത്വം നൽകി.

പുതിയ ബസ്സ്റ്റാന്റ് പരിസരത്തുനടന്ന എസ് ടി യു ജനകീയ സമരം എ അബ്ദുൾ റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

എം സി കമറുദ്ദീന്റെ അറസ്റ്റ് രാഷ്ട്രീയ നാടകം: ലീഗ്

ഉപ്പള:എം സി കമറുദ്ദീൻ എം എൽ എ യുടെ ബിസിനസ് തകർച്ചയുടെ ഭാഗമായുള്ള സംഭവവികാസങ്ങളെ മുതലെടുത്ത് അറസ്റ്റ് ചെയ്ത സംഭവം തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള രാഷ്ട്രീയ നാടകമാണെന്ന് മുസ്ലിം ലീഗ് മണ്ഡലം പ്രസിഡന്റ് ടി എ മൂസയും ജന. സെക്രട്ടറി എം അബ്ബാസും ആരോപിച്ചു.

സ്വർണ്ണ കടത്ത് കേസിലും പാർട്ടി സെക്രട്ടറിയുടെ മകന്റെ മയക്കുമരുന്ന് കേസിലുമൊക്കെയായി കേരളത്തിൽ ഇടത് സർക്കാർ നാണം കെട്ട് നിൽക്കുന്ന സാഹചര്യത്തിൽ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ അടക്കം വൻ പരാജയം മുന്നിൽ കണ്ട് ജനശ്രദ്ധ തിരിച്ചു വിടാനുള്ള തന്ത്രമാണ് അറസ്റ്റിലൂടെ നടപ്പിലാക്കുന്നത്. കേരളത്തിൽ വൻ ബിസിനസ് സംരംഭങ്ങൾ തകർന്ന് എത്രയോ ആളുകൾ ഇത്തരം പ്രയാസങ്ങളിൽ അകപ്പെട്ടിട്ടുണ്ട്. ഇത് പുതിയ സംഭവം അല്ലെന്നിരിക്കെ മുസ്ലിം ലീഗ് പാർട്ടിയെയും ജന പ്രതിനിധിയേയും കരുവാക്കി മുതലെടുപ്പ് നടത്താനാണ് ഇടത് സർക്കാരിന്റെ നീക്കം. ഇത് തിരിച്ചറിയാനുള്ള ബോധം കേരളീയ സമൂഹത്തിനുണ്ടെന്നും നേതാക്കൾ കൂട്ടിചേർത്തു

ഉച്ചഭക്ഷണ ഹാൾ നിർമ്മാണോദ്ഘാടനം

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വേലാശ്വരം ഗവ. യു പി സ്കൂളിന് അനുവദിച്ച ഉച്ചഭക്ഷണ ഹാൾ നിർമ്മാണോദ്ഘാടനം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം ഗൗരി നിർവ്വഹിച്ചു.

ബ്ലോക്ക് മമ്പർ സി എം സൈനബ ആധ്യക്ഷം വഹിച്ചു.

അഹമ്മദ് മുസ്ലിയാരുടെ നിര്യാണത്തിൽ അനുശോചിച്ചു

കാസർകോട്: സമസ്ത കാസർകോട് ജില്ല അംഗം അഹ്മദ് മുസ്ലിയാർ ചെർക്കളത്തിന്റെ നിര്യാണത്തിൽ എസ് കെ എസ് എസ് എഫ് മുൻ സംസ്ഥാന സെക്രട്ടറി ഹാരിസ് ദാരിമി ബെദിര, ജില്ലാ ഓർഗനൈസിംഗ് സെക്രട്ടറി ഇർഷാദ് ഹുദവി ബെദിര, ബെദിര ശാഖ പ്രസിഡന്റ് സാലിം ചുടു വളപ്പിൽ, ജനറൽ സെക്രട്ടറി ഫൈസൽ ഹുദവി ബെദിര അനുശോചിച്ചു.

അർബുദ ബാധിതൻ ഉദാരമതികളുടെ കനിവ് തേടുന്നു

കാഞ്ഞങ്ങാട് :അടമ്പിലിൽ വാടകയ്ക്ക് താമസിക്കുന്ന കൂലിപ്പണിക്കാരനായ മധുവിന് കഴിഞ്ഞ നാല് മാസങ്ങൾക്ക് മുൻപാണ് നാക്കിൽ അർബുദം പിടിപെട്ടത്. തുടർന്ന് മധുവിന് ജോലിക്ക് പോകാൻ കഴിയാത്ത അവസ്ഥയായി.

ഭാര്യയും രണ്ട് പെൺമക്കളും അടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയം മധുവായിരുന്നു. കൂലിപ്പണി ചെയ്ത് ലഭിക്കുന്ന പണം കൊണ്ടാണ് വീടിന്റെ വാടകയും കുട്ടികളുടെ വിദ്യാഭ്യാസവും മറ്റും നടത്തിക്കൊണ്ട് പോയിരുന്നത്. നിലവിൽ തലശ്ശേരി കാൻസർ സെന്ററിലാണ് ചികിത്സ തേടുന്നത്. ഈ മാസം 21 ന് ശസ്ത്രക്രിയ നടത്തണമെന്നാണ് ഡോക്ടർമാർ നിർദ്ദേശിക്കുന്നത്. എന്നാൽ മധുവിന്റെ കുടുംബം ശസ്ത്രക്രിയയ്ക്കായുള്ള പണം കണ്ടെത്താൻ കഴിയാതെ പ്രയാസം നേരിടുകയാണ്. ഉദാരമതികൾ കനിഞ്ഞെങ്കിൽ മാത്രമേ മധുവിന്റെ ശസ്ത്രക്രിയ നടത്താൻ കഴിയുകയുള്ളൂ. സഹായമെത്തിക്കാൻ ആഗ്രഹിക്കുന്നവർ 9562542765, 9495778030 എന്ന നമ്പരുകളിൽ ബന്ധപ്പെടണം.

ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പേര് : സുമതി, ബാങ്ക്: സിന്റിക്കേറ്റ് അക്കൗണ്ട് നമ്പർ: 42552200066623

കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കണം

കാസർകോട്: ഹൊസ്ദുർഗ്, വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ പ്രവർത്തിക്കുന്നതും കാഞ്ഞങ്ങാട് അസിസ്റ്റന്റ് ലേബർ ഓഫീസിൽ 1960 ലെ കേരള ഷോപ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതുമായ കടകളും വാണിജ്യ സ്ഥാപനങ്ങളും നവംബർ 30 നകം 2021 വർഷത്തേക്കുള്ള രജിസ്ട്രേഷൻ പുതുക്കണം. ഇത് വരെ രജിസ്ട്രേഷൻ നടത്താത്ത സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചെയ്യുന്നതിന് അപേക്ഷിക്കണം.

അക്ഷയ സെന്ററുകൾ മുഖേനയോ www. lc.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയോ ഓൺലൈൻ ആയി അപേക്ഷിക്കാം. രജിസ്ട്രേഷൻ/ റിന്യൂവൽ ചെയ്യാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും 5000 രൂപ വരെ പിഴ ഈടാക്കുകയും ചെയ്യുമെന്ന് അധികൃതർ അറിയിച്ചു.

കിടപ്പു രോഗികൾക്കുള്ള വീൽ ചെയറുകളും വാട്ടർ ബെഡും പാലക്കുന്ന് ലയൺസ് ക്ലബ് പാലിയേറ്റീവ് കെയർ സൊസൈറ്റി ചെയർമാൻ കെ.വി.കുഞ്ഞിരാമന് കൈമാറുന്നു

ജില്ലാ ആശുപത്രി: ഒപ്പുമരചുവട്ടിൽ സമരം തുടരുന്നു

കാസർകോട്: ജില്ലാ ആശുപത്രി എല്ലാവർക്കും ചികിത്സിക്കാൻ സൗകര്യമൊരുക്കണമെന്നും തെക്കിൽ കോവിഡ് ആശുപത്രി പൂർണ്ണ സജ്ജീകരണങ്ങളോടെ പ്രവർക്കിക്കണമെന്നാവശ്യപ്പെട്ടു ജനകീയ സമരം ഒപ്പുമരചുവട്ടിൽ തുടരുന്നു. വിക്ടറി പള്ളം പ്രവർത്തകർ സമരത്തിൽ പങ്കെടുത്തു. കാർത്ത്യായനി ഉദുമ ഉദ്ഘാടനം ചെയ്തു. ജമീല അഹമ്മദ്, സി.പി.ശ്രീധരൻ, പുരുഷോത്തമൻ ഉദുമ, ജയശ്രീ കല്ല്യാട്ട്, ഷെരീഫ് ചെമ്പരിക്ക, താജുദ്ദീൻ പടിഞ്ഞാറ്ബേബി . കെ എന്നിവർ സംസാരിച്ചു.

ജൽസെ ഇശ്ഖ് 13ന്

റിയാദ്:പ്രവാചകന്റെ അനുപമ വ്യക്തിത്വം എന്ന ശീർഷകത്തിൽ മുഹിമ്മാത്ത് ജി.സി .സി തലത്തിൽ സംഘടിപ്പിച്ചു വരുന്ന മീലാദ് പരിപാടിയുടെ ഭാഗമായുള്ള സൗദി നാഷണൽ മീലാദ് സമ്മിറ്റ് 'ജൽസെ ഇശ്ഖ് 13ന് സൂം ക്ലൗഡ് ഓൺലൈൻ വഴി നടക്കും. സൗദിയിലെ വിവിധ മുഹിമ്മാത്ത് ബ്രാഞ്ച് കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സമ്മിറ്റിൽ പ്രകീർത്തനം ,പ്രഭാഷണം, പ്രാർത്ഥന, ലൈവ് സദസ്സുകൾ തുടങ്ങിയ പരിപാടികൾ നടക്കും.മുഹിമ്മാത്ത് അക്കാഡമിക് സെക്രട്ടറി സയ്യിദ് മുനീറുൽ അഹ്ദൽ തങ്ങൾ 'ജൽസെ ഇശ്ഖ് -2020 പ്രഖ്യാപനം നടത്തി.അബ്ദുൽ കാദിർ സഖാഫി മൊഗ്രാൽ ആധ്യക്ഷം വഹിച്ചു.സയ്യിദ് ഹാമിദ് അൻവർ തങ്ങൾ പ്രാർത്ഥന നടത്തി. ഉമർ സഖാഫി കർണൂർ, മൂസ സഖാഫി കളത്തൂർ, അബ്ദുൽ റഹ്മാൻ അഹ്സനി, അബൂബക്കർ സഖാഫി അന്നഡുക്ക, ലത്തീഫ് സഅദി ഉർമി, സിദ്ധീഖ് സഖാഫി ദമ്മാം സംബന്ധിച്ചു. സ്വാഗത സംഘം രൂപീകരിച്ചു.(അഡ്വൈസറി ബോർഡ്) കെ എച്ച് അബ്ദുൽ റഹ്മാൻ സഖാഫി, കെ പി മൊയ്തീൻ ഹാജി, ലത്തീഫ് മദനി,അശ്റഫ് കെ കെ (ജുബൈൽ) .ചെയർമാൻ :മൂസ ഹാജി ഗൂഡ്ലക്ക്, ജനറൽ കൺവീനർ:കാത്തിം കിന്നിംഗാർ,ഫൈനാൻസ് കൺവീനർ: പി എ ഹസൈനാർ ഹാജി,വർക്കിംഗ് കൺവീനർ:ബശീർ സഅദി,വൈ: ചെയർമാൻ:ഇബ്രാഹിം ഹാജി ഇച്ചിലം കോട്, ശാഫി ഹാജി കുദിർ ,സി എ മുഹമ്മദ്,അബ്ദുൽ റസാഖ്,അബ്ദുല്ല കന്തൽ, ജോ: കൺവീനർ:മുഹമ്മദ് സ്വാലിഹ്,സലീം ബന്തിയോട്, ശെഫീക്ക് കുമ്പള, പ്രോഗ്രാം:ചെയർമാൻ-ലത്തീഫ് സഅദി, കൺവീനർ-അശ്റഫ് കോട്ടക്കുന്ന്.

മീലാദ് നഗറിലെ മീലാദാഘോഷം 15ന്

മൊഗ്രാൽ: മൊഗ്രാൽ മീലാദ് നഗർ മീലാദ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള നബിദിനാഘോഷ പരിപാടി കോവിഡിന്റെ പശ്ചാത്തലത്തിൽ ലളിതമായ ചടങ്ങുകളോടെ 15 ന് നടത്താൻ മീലാദ് ട്രസ്റ്റ് ബോർഡ് അംഗങ്ങളുടെ യോഗം തീരുമാനിച്ചു.അന്നു വൈകിട്ട് 4 മണിക്ക് മൗലീദ് പാരായണത്തിനു ഖത്തീബ് പി വി മുജീബ് റഹ്മാൻ ഖിളർ മസ്ജിദ് ഖത്തീബ് അൽ ഹാദി മുഹമ്മദ് ശാക്കിർ എന്നിവർ നേതൃത്വം നൽകും.

തുടർന്ന് ഇസ്ലാമിക കലാമേള. ശാഫി മസ്ജിദ് ഖത്തീബ് അഹമ്മദ് റിയാസ് അശാഫി ഉദ്ഘാടനം ചെയ്യും.

വൈകുന്നേരം സൂഫിവര്യൻ മർഹും:കെ എൻ അബ്ദുള്ള മുസ്ലിയാർ തവക്കൽ അനുസ്മരണ പരിപാടി.

രാത്രി 8ന് കൊറോണ പ്രതിരോധത്തിനായി മീലാദ് ട്രസ്റ്റ് അംഗങ്ങളും,വനിതാ കൂട്ടായ്മയും സംയുക്തമായി നടത്തിയ ദിക്റുകൾക്കുള്ള ദുആ മജ്ലിസ്. തുടർന്ന് ഇസ്ലാമിക കലാമേളയിൽ പങ്കെടുത്ത കുട്ടികൾക്കും, എസ് എസ് എൽ സി, പ്ലസ് 2 പരീക്ഷകളിൽ വിജയികളായ കുട്ടികൾക്കും മൊഗ്രാൽ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പി ടി എ പ്രസിഡണ്ട് സയ്യിദ് ഹാദി തങ്ങൾ ബി വി ഹമീദ് മൗലവി എന്നിവർ സമ്മാനം വിതരണം ചെയ്യുന്നതോടെ പരിപാടികൾ സമാപനമാകും. ഇത് സംബന്ധിച്ചു ചേർന്ന മീലാദ് ട്രസ്റ്റ് ബോർഡ് യോഗം എം എ ഇഖ്ബാൽ ഉദ്ഘാടനം ചെയ്തു. എം എം റഹ്മാൻ അധ്യക്ഷതം വഹിച്ചു. ബി എ മുഹമ്മദ് കുഞ്ഞി, എം പി അബ്ദുൽ ഖാദർ, എം എസ് മുഹമ്മദ് കുഞ്ഞി, ടി എ ജലാൽ, സിദ്ദീഖ്, ടി എം ഇബ്രാഹിം, എസ് കെ സലീം എം എ മൂസ പ്രസംഗിച്ചു.

കലാകാരൻമാരുടെ ദേശീയ സംഘടന ജില്ലാ കമ്മിറ്റി രൂപീകരണവും മെമ്പർഷിപ്പ് വിതരണവും

കാഞ്ഞങ്ങാട് : കലാകാരൻമാരുടെ ദേശീയ സംഘടനയായ സംഘ കലാവേദി ജില്ലാ കമ്മിറ്റി രൂപീകരണവും മെമ്പർഷിപ്പ് വിതരണവും മാവുങ്കാൽ സ്വാമി രാംദാസ് സ്മാരക സരസ്വതി വിദ്യാമന്ദിരത്തിൽ നടന്നു. ദാമോദരൻ ആർക്കിടെക്റ്റ് മാവുങ്കാൽ ആധ്യക്ഷം വഹിച്ചു. സംസ്ഥാന ചെയർമാനും, സിനിമാ സംവിധായകനുമായ രാജസേനൻ വീഡിയോ കോൺഫറൻസ് വഴി ചടങ്ങ് ഉദ്ഘാടനം ചെയ്തു.സംസ്ഥാന ജനറൽ സെക്രട്ടറി നൂറനാട് ഷാജഹാൻ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന ഭാരവാഹികളായ രമേഷ് ഗോപാൽ, സാജൻ കക്കോടി, മനോജ് കുമാർ ഉള്ളിയേരി, ജീജ സുരേന്ദ്രൻ, സാബു കാരാക്കോട്, ബാബു അഞ്ചാംവയൽ, മോഹനൻ കോട്ടപ്പാറ സംസാരിച്ചു. ജില്ലാ ഭാരവാഹികളായി പവിത്രൻ നിലേശ്വരം (പ്രസി.), വാമന ആചാര്യ, പ്രശാന്ത് പുതുക്കൈ (വൈ. പ്രസി.), കെ.മോഹനൻ കോട്ടപ്പാറ (ജന. സെക്ര.), സി. ശരത് കുമാർ, പ്രജീഷ് (ജോ. സെക്ര.), രതീഷ് പൊള്ളക്കട (ട്രഷ.) എന്നിവരെ തെരഞ്ഞെടുത്തു.

രക്ഷാധികാരി കെ.ദാമോദരൻ ആർക്കിടെക്റ്റ് മാവുങ്കാൽ, കരിവെള്ളൂർ രാജൻ എന്നിവരെയും, 30 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും യോഗത്തിൽ തെരഞ്ഞെടുത്തു.

കലാകാരൻമാരുടെ ദേശീയ സംഘടനയായ സംഘ കലാവേദി കാസർകോട് ജില്ലാ കമ്മിറ്റി രൂപീകരണ യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി നൂറനാട് ഷാജഹാൻ മുഖ്യപ്രഭാഷണം നടത്തുന്നു

കിടപ്പു രോഗികൾക്ക് പാലക്കുന്ന് ലയൺസ് ക്ലബ്ബ് വീൽ ചെയറുകളും വാട്ടർ ബെഡും നൽകി

പാലക്കുന്ന്: കിടപ്പു രോഗികൾക്ക് പാലക്കുന്ന് ലയൺസ് ക്ലബ് വീൽചെയറും വാട്ടർബോട്ടിലും വിതരണം ചെയ്തു. ഉദുമ റീഹാബിലിറ്റേഷൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റി ചെയർമാൻ കെ. വി. കുഞ്ഞിരാമന് ഡിസ്ട്രിക്ട് ഗവർണർ ലയൺ ഡോ. ഒ.വി. സനൽ ഇവ കൈമാറി. ലയൺസ് ക്ലബ് പ്രസിഡന്റ് എൻ. ബി. ജയകൃഷ്ണൻ ആധ്യക്ഷം വഹിച്ചു. സി. വിജയൻ, എസ്. പി.എം.ഷറഫുദ്ദീൻ, പ്രശാന്ത്. ജി. നായർ, വി. വേണുഗോപാലൻ, പി. എം. ഗംഗാധരൻ, റഹ്മാൻ, സി. രവീന്ദ്രൻ, പി.പി. ചന്ദ്രശേഖരൻ, കുമാരൻ, പി. കുഞ്ഞികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

ഏഴാമത് സാമ്പത്തിക സെൻസസ് ആരംഭിച്ചു

കാസർകോട്: രാജ്യത്തെ എല്ലാ സ്ഥാപനങ്ങളുടെയും സാമ്പത്തിക പ്രവർത്തനങ്ങളുടെ സ്വഭാവം, ഓരോന്നിലും പ്രവർത്തിക്കുന്ന ആളുകളുടെ എണ്ണം ഉടമസ്ഥതയുടെ തരം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നതിനായുള്ള ഏഴാമത് സാമ്പത്തിക സെൻസസിന്റെ സർവ്വെ പ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിച്ചു. ചെറുകിട, ഇടത്തരം, വൻകിട സംരംഭങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ, കുടിൽ വ്യവസായങ്ങൾ തുടങ്ങിയ എല്ലാവിധ സംരംഭങ്ങളുടെയും വിവര ശേഖരം നടത്തുക എന്നതാണ് സർവ്വെയുടെ ലക്ഷ്യം. ഏഴാമത് സാമ്പത്തിക സെൻസസുമായി ബന്ധപ്പെട്ട് ഫീൽഡ്തലത്തിൽ വിവരശേഖരണം നടത്തുന്ന സി എസ് സി ഏജൻസിയുമായി പൊതു ജനങ്ങൾ സഹകരിക്കണമെന്നും സത്യസന്ധവും കൃത്യവുമായ വിവരങ്ങൾ നൽകണമെന്നും ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു അറിയിച്ചു.

കാൻസർ രോഗികൾക്ക് കുണ്ടംകുഴി ലയൺസ് ക്ലബ്ബ് കൈത്താങ്ങ്

കുണ്ടംകുഴി: കാൻസർ രോഗബാധിതരായ മുന്നാട്ടെ മരുതുംകര രാധ- കുഞ്ഞിരാമൻ ദമ്പതികളുടെ മകനായ രാജേഷിനും, ഇട്ടക്കാട്ടെ ശാന്താ-കുഞ്ഞിരാമൻ ദമ്പതികളുടെ മകനായ ജിഷ്ണുവിനും, കുണ്ടംകുഴി തോട്ടത്തിൽ കണ്ടത്തിലെ ശശി ടി.കെ എന്നിവർക്കും കുണ്ടംകുഴി ലയൺസ് ക്ലബ്ബ് ചികിത്സാ സഹായം കൈമാറി. ക്ലബ്ബ് പ്രസിഡണ്ട് ലയൺ പി.കുഞ്ഞിരാമൻ നായർ ആധ്യക്ഷം വഹിച്ചു. എം. രാജേന്ദ്രൻ നായർ കെ.ബാലചന്ദ്രൻ, അമ്പൂഞ്ഞി നായർ എം, ടി. തമ്പാൻ നായർ തോണിക്കാവ്, ലയൺ ഇ. രവിചന്ദ്രൻ, സുരേഷ് ചരക്കടവ് സംബന്ധിച്ചു.

കുണ്ടങ്കുഴി ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന ചികിത്സാ സഹായ വിതരണം

ഉന്നത വിജയികൾ അനുമോദനവുമായി വണ്ടീസ് ഗ്രൂപ്പ് ഉദുമ

ഉദുമ: 2019-20 അധ്യായന വർഷത്തിൽ എസ് എസ് എൽ സി, ബികോം പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുടുംബാഗങ്ങളുടെ മക്കളായ ആദിത്യൻ, കനിഷ്മ എന്നിവരെ ഉദുമ വണ്ടീസ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ അനുമോദിച്ചു. രക്ഷാധികാരിയും മുതിർന്ന അംഗവുമായ കണ്ണൻ കാസർകോട്, കാർത്യായണി മാങ്ങാട് എന്നിവർ ഉപഹാരങ്ങൾ വിതരണം ചെയ്തു. മുൻ പ്രസിഡന്റ് വിജയരാജ് ഉദുമ ആധ്യക്ഷം വഹിച്ചു. ലോക് ഡൗൺ കാലത്ത് നടത്തിയ ഓൺലൈൻ ക്വിസ് മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനങ്ങളും ചടങ്ങിൽ വെച്ച് കൈമാറി. ഗ്രൂപ്പ് പ്രസിഡന്റ് ജയപ്രകാശ്, സെക്രട്ടറി ജയരാജ്, ട്രഷറർ വിശാഖ് വിവി, വനിത കമ്മിറ്റി പ്രസിഡന്റ് വിനീത രാജു, സെക്രട്ടറി സുജാത രാധാകൃഷ്ണൻ, ട്രഷറർ അനിത പുരുഷു സംസാരിച്ചു.

മേൽബാര പ്രിയദർശിനി സാംസ്ക്കാരിക നിലയത്തിന് ശിലയിട്ടു

മേൽബാര പ്രിയദർശിനി സാംസ്ക്കാരിക നിലയത്തിന് രാജ്മോഹൻ ഉണ്ണിത്താൻ എം പി ശിലയിടുന്നു

മാങ്ങാട്:മേൽബാര പ്രിയദർശിനി സാംസ്കാരിക നിലയത്തിന് 10 ലക്ഷം രൂപാ ചിലവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് രാജ്മോഹൻ ഉണ്ണിത്താൻ എം പി ശിലാസ്ഥാപനം നടത്തി. പ്രസിഡന്റ് സുനിൽകുമാർ മൂലയിൽ ആധ്യക്ഷം വഹിച്ചു. ബി കുഞ്ഞിക്കേളു നായർ കടവങ്ങാനം, കെട്ടിടത്തിനായി സ്ഥലം നൽകിയ സുരേഷ് ബാബു വടക്ക് വീട് എന്നിവരെ എം പി ഉപഹാരം നൽകി ആദരിച്ചു.

ഗിരീശൻ കെ സി ചന്തൻ കുഞ്ഞിനേയും ബി കുഞ്ഞിക്കേളു നായർ കടവങ്ങാനം അനുമോദിച്ചു. ബി ബാലകൃഷ്ണൻ തെക്കേവീട്, ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഷാനവാസ് പാദൂർ, ബ്ലോക്ക് പഞ്ചായത്തംഗം അൻവർ മാങ്ങാട്, ഉദുമ പഞ്ചായത്തംഗം കമലാക്ഷി ബാലകൃഷ്ണൻ, മുത്തു, ഹരീഷ് കുന്നുമ്മൽ, എം എസ് രാമചന്ദ്രൻ മേൽബാര, ഹരിഹരൻ കടവങ്ങാനം, മജീദ് മാങ്ങാട്, കുഞ്ഞിരാമൻ കിഴക്കേക്കര, ഗോപാലൻ മേൽബാര സതീശൻ, ഷിബു സംസാരിച്ചു.

കോവിഡ് പ്രതിരോധത്തിന് പുത്തനുണർവായി 'ജന സ്നേഹി മാഷ്

ബദിയഡുക്ക: കുമ്പഡാജെ പഞ്ചായത്തിൽ മാഷ് പദ്ധതിയുടെ ഭാഗമായി ജനസ്നേഹി മാഷ് എന്ന വാഹന പ്രചാരണ ജാഥ ജില്ലാ കളക്ടർ ഡോ: ഡി. സജിത്ത് ബാബു ഉദ്ഘാടനം ചെയ്തു.

ഒരാഴ്ചക്കാലം കൊണ്ട് എല്ലാ വാർഡുകളിലൂടെയും കടന്നു പോകും. കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് പ്രവർത്തിക്കുന്ന രണ്ട് വ്യാപാരികളെ ചടങ്ങിൽ അദ്ദേഹം ഉപഹാരങ്ങൾ നൽകി അനുമോദിച്ചു. മാഷ് ഡ്യൂട്ടിയുടെ ഓവർ കോട്ടുകൾ കളക്ടർ വിതരണം ചെയ്തു. ചടങ്ങിൽ പഞ്ചായത്ത് സെക്രട്ടറി അച്യുത മണിയാണി ആധ്യക്ഷം വഹിച്ചു. മെഡിക്കൽ ഓഫീസർ ഡോ: സയ്യിദ് ശുഹൈബ്, വിജയൻ ചന്ദ്രശേഖര ,ശ്യാം സുന്ദർ സംസാരിച്ചു.

ഫലപ്രദമായ പാരമ്പര്യ ചികിത്സ

നിങ്ങൾക്കുണ്ടാകുന്ന ബലഹീനത, നാഡി തളർച്ച, ഞരമ്പു തളർച്ച, ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, ദാമ്പത്യപരാജയം, വെള്ളപോക്ക്, തരിപ്പ്, കടച്ചിൽ, വേദന, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ കൂടാതെ എല്ലാവിധ രോഗങ്ങൾക്കും സ്വന്തം മരുന്നുകൾ ഉണ്ടാക്കി കൊടുത്ത് 44ൽപരം വർഷങ്ങളായി കാസർകോട്ട് ചികിത്സിച്ചുവരുന്നു. പാരമ്പര്യ വൈദ്യർ

എം.എച്ച്. ചൗധരി
ഡോ.ഷക്കീൽ ചൗധരി BAMS
അവർകളെ നേരിൽ കാണുക
ഭാരത് ഡിസ്പെൻസറി
(പാരമ്പര്യ ചികിത്സാലയം)
ഫോർട്ട് റോഡ് കാസർകോട്

സന്ദർശന സമയം രാവിലെ 8.30 മണി മുതൽ രാത്രി 7.30മണി വരെ എല്ലാ ദിവസവും സന്ദർശിക്കാം.
Mob: 9446060021, 9446090021 ഫോൺ: 04994 226115

സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ പുറപ്പെടുവിക്കുന്ന തെരഞ്ഞെടുപ്പ് വിജ്ഞാപനം

(1969 – ലെ കേരള സഹകരണ ചട്ടം 28 (ബി) അനുബന്ധപ്രകാരം 35 എ (3) പ്രകാരം പുറപ്പെടുവിക്കുന്നത്)

No.OL/534/2020ഇ (1) എൻ.സി.ഇ.സി മധൂർ – 05. 11. 2020

എസ് .512 – ാം നമ്പർ മധൂർ പബ്ലിക് വെൽഫെയർ സഹകരണ ബാങ്ക് ക്ലിപ്തത്തിന്റെ പുതിയ ഭരണ സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി കാസർകോട് സഹകരണ സംഘം അസിസ്റ്റന്റ് സർക്കിൾ ജനറൽ വിഭാഗം രജിസ്ട്രാ(ജനറൽ)റെ ഇലക്ടറൽ ആഫീസറായും ടി ആഫീസിലെ കാസർകോട് യൂണിറ്റ് ഇൻസ്പെക്ടറെ വരണാധികാരിയായും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. "തെരഞ്ഞെടുപ്പ് സംബന്ധിച്ച എല്ലാം വിവരങ്ങളും മെമ്പർമാരെ അറിയിക്കണം"

തെരഞ്ഞെടുപ്പ് വിശദാംശങ്ങൾ

1. തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം :	9 (ഒൻപത്)	
2. തെരഞ്ഞെടുപ്പിന് നിയമാവലി പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള : മണ്ഡലങ്ങൾ	A. ജനറൽ	5 (അഞ്ച്)
	B. വനിതാ സംവരണം	3 (മൂന്ന്)
	C. പട്ടികജാതി /പട്ടികവർഗ്ഗ സംവരണം	1 (ഒന്ന്)
	ആകെ	9 (ഒൻപത്)

3. പ്രാഥമിക വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയ്യതിയും	: 02 – 12 – 2020 പകൽ 11 മണിക്ക് സംഘം ആഫീസ് നോട്ടീസ് ബോർഡിൽ.
4. തടസ്സവാദങ്ങൾ സമർപ്പിക്കുന്നതിനുള്ള തീയ്യതികൾ	: 02 – 12 – 2020 പകൽ 11 മണി മുതൽ 09 – 12 – 2020 5 മണി വരെ.
5. തടസ്സ വാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയ്യതിയും സമയവും സ്ഥലവും	: 10 – 12 – 2020 രാവിലെ 11 മണി മുതൽ 1 മണിവരെ സംഘം ആഫീസിൽ വച്ച്.
6. അന്തിമ വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയ്യതിയും	: 11 – 12 – 2020 രാവിലെ 11 മണിക്ക് സംഘം ആഫീസ് നോട്ടീസ് ബോർഡിൽ.
7. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സ്ഥലവും, തീയ്യതിയും, സമയവും	: 28 – 12 – 2020 രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ സംഘം ആഫീസിൽ വച്ച്
8. പത്രികകൾ സൂക്ഷ്മപരിശോധനയ്ക്കുള്ള തീയ്യതിയും സമയവും സ്ഥലവും	: 29 – 12 – 2020 രാവിലെ 11 മണിമുതൽ സംഘം ആഫീസിൽ വച്ച്
9. പത്രികകൾ പിൻവലിക്കുന്നതിനുള്ള തീയ്യതിയും സമയവും	: 30 – 12 – 2020 പകൽ 5 മണിവരെ സംഘം ആഫീസിൽ വച്ച്
10. വോട്ടെടുപ്പ് വേണ്ടി വരുന്ന പക്ഷം വോട്ടെടുപ്പ് നടത്തുന്ന തീയ്യതിയും സമയവും സ്ഥലവും	: 04 – 01 – 2020 തിങ്കളാഴ്ച രാവിലെ 10 മണിമുതൽ വൈകുന്നേരം 4 മണിവരെ മധൂർ സ്കൂളിൽ വച്ച്

പ്രത്യേക ശ്രദ്ധയ്ക്ക്: വിജ്ഞാപനത്തിന്റെ കുറിപ്പ് ഭാഗം, സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

എം. എസ്. ലൈല
സംസ്ഥാന സഹകരണ
തെരഞ്ഞെടുപ്പ് കമ്മീഷണർ

പൊതുയോഗ നോട്ടീസ്

മാന്യരെ,

മധൂർ പബ്ലിക് വെൽഫെയർ കോ – ഓപ്പറേറ്റീവ് സൊസൈറ്റി എസ് നം. 512 ന്റെ 2020 – 2025 വർഷത്തേക്കുള്ള ഭരണ സമിതി തെരഞ്ഞെടുപ്പ് 4 – 01 – 2021 രാവിലെ 10 മണിമുതൽ 4 മണിവരെ മധൂർ സ്കൂളിൽ വച്ച് നടത്തുന്നു. എല്ലാ 'എ ' ക്ലാസ് മെമ്പർമാരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മധൂർ
05 – 11 – 2020

എന്ന് കൽപ്പന പ്രകാരം,
ഒപ്പ്, സെക്രട്ടറി